"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവൽസര പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2101/2024/LSGD തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:-
1. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ)നം.86/2022/ തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.115/2022/ തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ)നം.90/2023/ തസ്വഭവ; തീയതി 09.04.2023
5. സ.ഉ.(കൈ)നം.198/2023/തസ്വഭവ; തീയതി 13.11.2023
6. സ.ഉ.(സാധാ)നം. 1236/2024/തസ്വഭവ; തീയതി 07.07.2024
7. സ.ഉ.(സാധാ)നം. 6392/2024/ധന; തീയതി 21.08.2024
8. സ.ഉ.(പി)നം. 87/2024/ധന; തീയതി 05.10.2024
9. സ.ഉ.(സാധാ)നം. 1636/2024/തസ്വഭവ; തീയതി 06.09.2024
10. സ.ഉ.(സാധാ)നം. 1677/2024/തസ്വഭവ; തീയതി 10.09.2024
11. സ.ഉ.( സാധാ)നം. 1844/2024/തസ്വഭവ; തീയതി 03.10.2024
12. സ.ഉ.( സാധാ)നം. 1886/2024/ തസ്വഭവ; തീയതി 10.10.2024

**<u>ഉത്തരവ്</u>**

2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിനോട് ആവശ്യപ്പെട്ടുന്നുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത 2023-24 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. വാർഷിക പദ്ധതി ഭേദഗതിക്ക് ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ 2024-25 വാർഷിക പദ്ധതിയിൽ ചുവടെ പ്രതിപാദിച്ചിരിക്കുന്ന ഭേദഗതികൾ വരുത്താവുന്നതാണ്.

- 3.1 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പി.യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് എന്നിവ ഉൾപ്പെടെയുള്ള കേന്ദ്ര/സംസ്ഥാന പരിപാടികൾ പ്രകാരം വകുപ്പുകളോ എജൻസികളോ നടപ്പാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.
- 3.2 വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാതിരിക്കുക, സാങ്കേതികാനുമതി ലഭിക്കാതിരിക്കുക, മറ്റേതെങ്കിലും മതിയായ കാരണത്താൽ നിർവഹണം തുടങ്ങാൻ കഴിയാതിരിക്കുക - തുടങ്ങിയ സന്ദർഭങ്ങളിൽ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ട് ഏറ്റെടുക്കുക.
- 3.3 മാർഗരേഖ/സബ്‌സിഡി മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരം ലഭിക്കാത്തതുമായ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുക.
- 3.4 മിച്ചം തുക പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുക [ടെണ്ടർ സേവിംഗ്സ്, മതിയായ ഗുണഭോക്താക്കൾ ഇല്ലാത്ത കാരണത്താൽ ലഭ്യമാകുന്ന ബാക്കി തുക, നിർവഹണം പൂർത്തിയായ ശേഷം മിച്ചം വരുന്ന തുക തുടങ്ങിയവ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യാവുന്നതാണ്].
- 3.5 പട്ടികജാതി ഉപപദ്ധതിയിലും പട്ടികവർഗ്ഗ ഉപപദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമായ പൊതു പ്രോജക്ടുകളിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും ലഭിക്കാൻ സാധ്യതയില്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ ആ തുക നിലവിലുള്ള പ്രോജക്ടുകളുടെ അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിക്കുകയോ ചെയ്യുക. (ഇത്തരത്തിൽ ഒഴിവാക്കുന്ന പ്രോജക്ടുകൾ ഫീസിബിൾ അല്ലായെന്ന് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം).
- 3.6 വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം, തുടങ്ങിയവയുള്ള അപേക്ഷകളിലെ കുടിശ്ശികകൾ തീർക്കുന്നതിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർ അധിവസിക്കുന്ന നഗറുകളിലെ സമഗ്ര ആവാസ വികസനത്തിനുള്ള പ്രോജക്ടുകളും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതികളുടെ ഭാഗമാക്കുക.
- 3.7 ലൈഫ് മിഷൻ പ്രോജക്ടുകൾ ഉൾപ്പെടെ കൂടുതൽ തുക ആവശ്യമായ പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ, മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂട്ടിച്ചേർത്ത് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കൽ - തുടങ്ങിയ ഭേദഗതികൾ വരുത്തുക.
- 3.8 പ്രോജക്ടുകളുടെ ധനസ്രോതസിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള ഭേദഗതികൾ, അനിവാര്യമാണെങ്കിൽ മാത്രം, വരുത്തുക (തനത് ഫണ്ട് വകയിരുത്തി, അത് ലഭ്യമല്ല എന്ന കാരണത്താലുള്ള ഭേദഗതികൾ അനുവദനീയമല്ല).
- 3.9 കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ നിർവ്വഹണ യോഗ്യമാക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട പ്രോജക്ടുകൾ പരിഷ്കരിക്കുക.
- 3.10 'മാലിന്യമുക്ത നവകേരളത്തിനായുള്ള ജനകീയ ക്യാമ്പയിൻ'-ന്റെ ഭാഗമായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളിൽ ഭേദഗതി വരുത്തുകയോ ചെയ്യുക [ക്യാമ്പയിന്റെ ഭാഗമായി മാലിന്യസംസ്കരണ മേഖലയിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയതിൽ നിന്നും, മാലിന്യസംസ്കരണത്തിനുള്ള സമ്പൂർണ്ണ സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം 6

ഉത്തരവിന്റെ ഖണ്ഡിക 3.9, ഉപ ഖണ്ഡിക (1) മുതൽ (25) വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പ്രോജക്ടുകൾ ആയി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ലെന്നോ പരാമർശം 11 ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുതാകുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നോ ലക്ഷ്യ പൂർത്തീകരണത്തിന് ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉള്ളതായോ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അവ നിർബന്ധമായും ഈ ഭേദഗതിക്കൊപ്പം വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകി വേണം പദ്ധതിയിൽ ഭേദഗതി വരുത്തേണ്ടത്]

- **3.11** അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ തയ്യാറാക്കിയ മൈക്രോ പ്ലാനിൽ ഉൾപ്പെട്ട ഭവന രഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാകുന്നതുവരെ താമസസൗകര്യം ഒരുക്കുന്നതിനായി, വാടകയ്ക്ക് എടുക്കുന്ന വീടുകളുടെ/കെട്ടിടങ്ങളുടെ വാടക പരാമർശം 9 ലെ നിബന്ധനകൾക്ക് വിധേയമായി നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക.
- **3.12** അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടിക വർഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന SAFE പദ്ധതിയിൽ ആനുകൂല്യം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും വീട് പുനരുദ്ധാരണത്തിന് 2.00 ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാക്കുന്നതിന് പരാമർശം 10 പ്രകാരം അനുമതി നൽകിയ സാഹചര്യത്തിൽ ഇതിനുള്ള പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
- **3.13** പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായ തൊഴിൽ സംരംഭങ്ങൾ, നൈപുണ്യ പരിശീലനം തുടങ്ങിയ പോലെ അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ഉണ്ടെങ്കിൽ അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.
- **3.14** ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക [വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിച്ച് ഉപ കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതാണ്.]
- **3.15** വാർഷിക പദ്ധതിക്കുള്ള അംഗീകാരം ജില്ലാ ആസൂത്രണസമിതിയിൽ നിന്ന് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പരിപാടികൾ, സംസ്ഥാനാവിഷ്കൃത പരിപാടികൾ, സംസ്ഥാന പരിപാടികൾ, സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന പ്രോജക്ടുകൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യുക.
- **3.16** പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാനും നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കാനും നിർബന്ധിതമാകുന്ന സന്ദർഭങ്ങളിൽ ഖണ്ഡിക 3.1 മുതൽ 3.4 വരെ പ്രതിപാദിച്ചിട്ടുള്ള കാരണങ്ങളാൽ ലഭ്യമാകുന്ന തുക ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ മാത്രമേ നിലവിലുള്ള പ്രോജക്ടുകൾ ഉപേക്ഷിച്ച് വിഹിതം കണ്ടെത്താൻ പാടുള്ളൂ. താരതമ്യേന മുൻഗണന കുറഞ്ഞ പ്രോജക്ട്/പ്രോജക്ടുകൾ ആയിരിക്കണം ഉപേക്ഷിക്കേണ്ടത്.

4. ഇതോടൊപ്പം, 2023-24ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള

മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി, നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്. മുൻ വർഷം ഇതിനായി ഏറ്റെടുത്ത പ്രോജക്റ്റുകളോ പുതിയ പ്രോജക്റ്റുകളോ വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനൊപ്പം ഉൾപ്പെടുത്താവുന്നതാണ്. പരാമർശം 7, 8 ഉത്തരവുകൾ പ്രകാരം തുക അനുവദിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും ഇതിനുള്ള പ്രോജക്റ്റുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കേണ്ടതാണ്.

5. പരാമർശം 12 പ്രകാരം ഏറ്റെടുത്ത സ്പെഷ്യൽ പ്രോജക്റ്റുകൾ മതിയായ വിഹിതം വകയിരുത്തി ഭേദഗതിക്കൊപ്പം നിർബന്ധമായും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

6. വാർഷിക പദ്ധതി പരിഷ്കരണത്തിന് ചുവടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

- **6.1** ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
- **6.2** ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
- **6.3** വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്റ്റുകളുടെയും ഉപേക്ഷിച്ച പ്രോജക്റ്റുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

7. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലില്ലാത്ത 9 ജില്ലകളുടെ കാര്യത്തിൽ വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2024 നവംബർ 16** ആയിരിക്കും.

8. തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിൽക്കുന്ന 5 ജില്ലകളിൽ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിക്കുന്ന തീയതി മുതൽ 10 ദിവസം വാർഷിക പദ്ധതി ഭേദഗതിക്ക് അവസരമുണ്ടായിരിക്കുന്നതാണ്. അതിനുള്ള മുന്നൊരുക്കങ്ങൾ ഇപ്പോൾ പൂർത്തിയാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-11-2024 10:59:34

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്